# MATHRUBHUMI

**Education is the best investment - Prof. Morten P Meldal**

**Date :** 1.9.2025 **| Edition : Trivandrum | Page :** 12 **| Clip size (cm) : W:** 9 **H:** 9

---

## വിദ്യാഭ്യാസം മികച്ച നിക്ഷേപം - പ്രൊഫ. മോർട്ടൻ പി. മെൽഡൽ

**തിരുവനന്തപുരം** ▶ സമൂഹത്തിന്റെ മുന്നേറ്റത്തിനുവേണ്ട മികച്ച നിക്ഷേപം വിദ്യാഭ്യാസമാണെന്ന് രസതന്ത്രത്തിൽ നൊബേൽ സമ്മാന ജേതാവായ പ്രൊഫ. മോർട്ടൻ പി. മെൽഡൽ. ബ്രിക്-രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി മൂന്നാറിൽ സംഘടിപ്പിച്ച റിസർച്ച് കോൺഫറൻസിൽ ഓൺലൈൻ പ്രഭാഷണം നടത്തുകയായിരുന്നു അദ്ദേഹം.

വിയറ്റ്നാം, പോളണ്ട്, ഫിൻലാൻഡ്, ഡെൻമാർക്ക് തുടങ്ങിയ രാജ്യങ്ങൾ വിദ്യാഭ്യാസത്തിൽ കാര്യമായ നിക്ഷേപം നടത്തുകയും 10, 20 വർഷത്തിനകം സാമ്പത്തികമായും സാമൂഹികമായും മുന്നേറുകയും ചെയ്തു. താഴ്ന്ന ക്ലാസുകൾ മുതൽ വിദ്യാഭ്യാസം കുട്ടികളിൽ കൗതുകവും താത്പര്യവും സൃഷ്ടിക്കുന്ന വിധത്തിൽ ആസ്വാദ്യകരമാക്കണം. ഒന്നാം ക്ലാസുകാർക്കായി അഞ്ച് മിനിറ്റ് ദൈർഘ്യമുള്ള ചെറിയ വീഡിയോകൾ ഉണ്ടാക്കണം. ക്ലാസുകൾ ഉയരുന്നതിനനുസരിച്ച് ദൈർഘ്യവും സങ്കീർണതയും വർധിപ്പിക്കാം. യുദ്ധങ്ങളുടെ അനന്തരഫലങ്ങൾ, ആഗോളതാപനം, പരിസ്ഥിതി മലിനീകരണം, എന്നിവയെക്കുറിച്ച് ആളുകളെ ബോധവത്കരിക്കേണ്ട ചുമതല വിദ്യാഭ്യാസ വിദഗ്ധർക്കുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ക്ലിക് കെമിസ്ട്രി എന്ന ഗവേഷണത്തിൽ നൽകിയ സംഭാവനയ്ക്കാണ് 2022-ൽ മെൽഡലിന് രസതന്ത്രത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചത്. ആർജിസിബി ഡയറക്ടർ പ്രൊഫ. ചന്ദ്രഭാസ് നാരായണ സെഷനിൽ മോഡറേറ്ററായി.